# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.574** **03.03.2020 ൽ മറുപടിയ്ക്ക്**

## പുരപ്പുറ സോളാർ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. വി. അബ്ദുറഹിമാൻ** | | **ശ്രീ. എം. എം. മണി (വൈദ്യുതി വകുപ്പ് മന്ത്രി)** |
| (എ) | സൗര പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന പുരപ്പുറ സോളാർ പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | പുരപ്പുറ സോളാർ പദ്ധതിയിലേയ്ക്ക് ആകെ 2,78,264 ഉപഭോക്താക്കളാണ് അപേക്ഷ നല്കിയിട്ടുള്ളത്. കെ.എസ്.ഇ.ബി.യുടെ സോളാർ കോർഡിനേറ്റർമാർ ഉപഭോക്താക്കളുടെ സ്ഥലങ്ങൾ സന്ദർശിച്ച് നടത്തിയ പ്രാഥമിക സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ അനുയോജ്യമായ 42,489 പുരപ്പുറങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്.<br><br>സുതാര്യമായ ടെണ്ടർ നടപടിക്രമങ്ങളിലൂടെ സൗരോർജ്ജ പദ്ധതിയുടെ ആദ്യഘട്ടമായ **46.5** മെഗാവാട്ടിന്റെ കരാറുകാരെ നിശ്ചയിക്കാനുള്ള നടപടി പൂർത്തിയായി വരുന്നു.<br><br>ജൂലൈ 2020-ന് പദ്ധതി പൂർത്തിയാക്കാൻ സാധിക്കുമെന്നു കരുതുന്നു. |
| (ബി) | പുരപ്പുറ സോളാർ പദ്ധതിയുടെ നേട്ടങ്ങളും ലക്ഷ്യങ്ങളും സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ; | (ബി) | സെക്ഷൻ ഓഫീസ്/കെ.എസ്.ഇ.ബി. സോഷ്യൽ മീഡിയ എന്നിവയിലൂടെ പൊതുജനങ്ങൾക്ക് 'സൗര' പദ്ധതിയുടെ നേട്ടങ്ങൾ പങ്കുവച്ചിട്ടുണ്ട്. |
| (സി) | തെരുവു വിളക്കുകളും മറ്റും പരമാവധി സോളാറിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**